**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ്- കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് -കോവിഡ് 19 മഹാമാരി കാരണം പൊതുവിദ്യാഭ്യാസം സാധ്യമാകാത്ത സാഹചര്യത്തിൽ വിദ്യാർത്ഥി/ വിദ്യാർഥിനികൾക്ക് ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിനായി ആരംഭിച്ച സൂക്ഷ്മ സമ്പാദ്യ പദ്ധതിയായ 'കെ.എസ്.എഫ്.ഇ വിദ്യാശ്രീ' -പരിഷ്കരിച്ച- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.44/2021/നി.വ    തീയതി,തിരുവനന്തപുരം, 10/08/2021

---

**ഉത്തരവ്**

പരാമർശം:-

1. 03.07.2020 ലെ സ.ഉ.(കൈ) നം.61/2020/നി.വ.
2. 08/09/2020 ലെ സ.ഉ.(സാധാ) നം.570/2020/നി.വ
3. 16.12.2020 ലെ സ.ഉ.(കൈ) നം.94/2020/നി.വ

കോവിഡ് 19 മഹാമാരി കാരണം പൊതുവിദ്യാഭ്യാസം സാധ്യമാകാത്ത സാഹചര്യത്തിൽ വിദ്യാർത്ഥി/വിദ്യാർഥിനികൾക്ക് ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിനായി കുടുംബശ്രീയുമായി ചേർന്ന് ഒരു സൂക്ഷ്മ സമ്പാദ്യ പദ്ധതി 'കെ.എസ്.എഫ്.ഇ വിദ്യാശ്രീ ' എന്ന പേരിൽ നടപ്പിലാക്കുന്നതിന് പരാമർശ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിരുന്നു.

കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ആഗോള തലത്തിൽ കമ്പ്യൂട്ടർ സാമഗ്രികളുടെ ദൗർലഭ്യം കാരണം ലാപ് ടോപ്പ് വിതരണം നടത്തുന്നതിൽ നിന്നും കമ്പനികൾ പിന്മാറിയ സാഹചര്യത്തിൽ ചുവടെ പറയുന്ന നിബന്ധനകൾ കൂടി ഉൾപ്പെടുത്തി മേൽ പരാമർശ ഉത്തരവുകൾ പരിഷ്കരിച്ച ഉത്തരവാകുന്നു.

- HP, Lenovo എന്നീ കമ്പനികൾ ജൂലൈ മാസം അവസാനത്തോട് കൂടി വിതരണം ചെയ്യേണ്ട 42,000 ലാപ് ടോപ്പുകൾ നാളിതുവരെയും വിതരണം ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത കമ്പനികൾക്കെതിരെ ഉചിതമായ നിയമ നടപടി സ്വീകരിക്കുവാൻ മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ യെ ചുമതലപ്പെടുത്തുന്നു.

- ലാപ് ടോപ്പുകൾ ലഭിക്കുന്നതിൽ കാലതാമസം നേരിടുകയും കമ്പനികൾ തങ്ങളുടെ കരാറിൽ നിന്ന് പിന്നോട്ട് പോകുകയും ചെയ്ത സാഹചര്യത്തിലും, 15,000/- രൂപയ്ക്ക് ലാപ് ടോപ്പുകൾ മാർക്കറ്റിൽ ലഭ്യമല്ലാത്ത സാഹചര്യത്തിലും, കമ്പനികൾക്ക് നോട്ടീസ് കൊടുക്കുന്ന നടപടി ക്രമങ്ങൾ പുരോഗമിക്കുന്നതോടൊപ്പം തന്നെ ലാപ് ടോപ്പ് ലഭിക്കേണ്ട ഉപഭോക്താക്കളുടെ ബുദ്ധിമുട്ട് മനസ്സിലാക്കികൊണ്ട് ഒരു ഓപ്ഷൻ നൽകുന്നത് ഉചിതമാണെന്നു വിലയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാശ്രീ പദ്ധതിയിൽ ചേർന്നിട്ടുള്ള ഗുണഭോക്താക്കൾക്ക് മാർക്കറ്റിൽ നിന്ന് ലാപ് ടോപ്പോ ടാബ് ലെറ്റോ വാങ്ങി ആയതിൻറെ ഇൻവോയിസ് / ബിൽ

സമർപ്പിക്കുന്ന മുറക്ക് പരമാവധി 20,000/- രൂപ വരെ കെ.എസ്.എഫ്.ഇ വായ്പ നൽകുന്നതാണ്. നിലവിൽ 15,000/- രൂപയുടെ 500/- രൂപ 30 മാസതവണകളായി അടക്കേണ്ട ചിട്ടി 20,000/- രൂപയുടെ 500/- രൂപ 40 മാസതവണകളായി അടച്ചു തീർക്കുന്ന ചിട്ടിയായി പുന: ക്രമീകരണം ചെയ്യേണ്ടതാണ് .

- KSFE വിദ്യാശ്രീ ചിട്ടിയിൽ ലാപ് ടോപ്പിനായി ചേർന്ന് 3 തവണകൾ അടച്ചവർക്കെല്ലാം കമ്പനികൾ ലാപ് ടോപ്പുകൾ എപ്പോൾ നൽകുമെന്ന ഉറപ്പ് നൽകാത്ത സാഹചര്യത്തിൽ ചുവടെ പറയുന്ന രണ്ട് ഓപ്ഷനുകൾ നൽകുന്നതാണ് .

**i)** HP, Lenovo എന്നി ലാപ് ടോപ്പുകൾ ലഭ്യമാകാൻ കാലതാമസം ഉണ്ടാകുമെന്ന് അറിയിച്ച ശേഷവും ആയതു വാങ്ങാൻ തയ്യാറായിട്ടുള്ള ഗുണഭോക്താക്കൾക്ക് ലാപ് ടോപ്പ് ലഭ്യമാകുന്ന മുറക്ക് KSFE മുഖാന്തിരം ലാപ് ടോപ്പ് നൽകുന്നതാണ് .

**ii)** ലാപ് ടോപ്പോ / ടാബ് ലെറ്റോ മാർക്കറ്റിൽ നിന്ന് വാങ്ങി ഇൻവോയിസ് / ബിൽ കെ.എസ്.എഫ്.ഇ ബ്രാഞ്ചിൽ ഹാജരാക്കുന്ന പക്ഷം ലാപ് ടോപ്പിൻറെ തുകയോ, പരമാവധി 20,000 /- രൂപയോ ഏതാണ് കുറവു ആയതു കെ.എസ്.എഫ്.ഇ ബ്രാഞ്ച് നൽകുകയും ആയതു 500/- രൂപ മാസതവണകളായി, തുകയ്ക്ക് അനുസൃതമായി അടക്കേണ്ടതുമാണ്.

- വിതരണം ചെയ്ത Acer, Coconics ലാപ് ടോപ്പുകളിൽ പരാതി നിലവിൽ ഉണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട കമ്പനികൾ തന്നെ പരിഹരിക്കേണ്ടതാണ്.
- HP, Lenovo എന്നീ കമ്പനികൾക്കെതിരെ ഉചിതമായ നിയമനടപടികൾ സ്വീകരിക്കാനും നിലവിൽ 15,000/- രൂപയുടെ 500/- രൂപ 30 മാസതവണകളായി അടയ്ക്കേണ്ട ചിട്ടി, 20,000/- രൂപയുടെ, 500/- രൂപ 40 മാസതവണകളായി അടച്ചുതീർക്കുന്ന ചിട്ടിയായി പുന:ക്രമീകരണം ചെയ്യുന്നതിനും കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.
- വിദ്യാശ്രീ പോർട്ടലിൽ പർച്ചേയ്സ് ഓർഡർ നൽകിയ ലാപ് ടോപ്പ് വാങ്ങുവാനോ, മാർക്കറ്റിൽ നിന്നും ലാപ് ടോപ്പ് / ടാബ് ലെറ്റ് വാങ്ങി, ഇൻവോയ്സ് / ബിൽ നൽകുവാനോ എന്നീ രണ്ട് ഓപ്ഷൻ ഉൾപ്പെടുത്താൻ ഐ.റ്റി വകുപ്പിനെ ചുമതലപ്പെടുത്തുന്നു.
- വിദ്യാശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് പുതിയ തീരുമാനങ്ങൾ കൃത്യമായും ഗുണഭോക്താക്കളെ അറിയിക്കുവാനും സമയബന്ധിതമായി ഓപ്ഷൻ നൽകുന്നുവെന്ന് ഉറപ്പുവരുത്താനും കുടുംബശ്രീയെ ചുമതലപ്പെടുത്തുന്നു.

മേൽ പരാമർശ ഉത്തരവുകൾ ഈ വ്യവസ്ഥകളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിനി .ജെ .ഷുക്കൂര്
അഡിഷണൽ സെക്രട്ടറി

പകർപ്പ് :

മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ, തൃശ്ശൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ& ഇ), (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.

തദ്ദേശ സ്വയംഭരണ വകുപ്പ് .

പൊതു വിദ്യാഭ്യാസ വകുപ്പ്.

പൊതു ഭരണ (ഏകോപനം) വകുപ്പ്.

മത്സ്യബന്ധന വകുപ്പ് .

റവന്യൂ വകുപ്പ്.

പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പ്.

ധനകാര്യ വകുപ്പ്.

പൊതു ഭരണ (എസ് .സി) വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് 6 ന്യൂ മീഡിയ).

ഇലക്ട്രോണിക്സും വിവരസാങ്കേതികവും വകുപ്പ്.

എക്സിക്യൂട്ടിവ് ഡയറക്ടർ, കുടുംബശ്രീ.

സി.ഇ.ഒ , കൈറ്റ് (പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന).

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Reeja N
Date: 10-08-2021 15:45:16
Reason: Approved
സെക്ഷൻ ഓഫീസർ